ജൂലൈ 2026

GREGORIAN

മരുഭൂമിയിലെ പരുമല

ST. GREGORIOS ORTHODOX CHURCH SHARJAH


PARISH BULLETIN

ESTD : 1979 Vol 07/2026 JULY 2026 / Pages 8





# പെരുന്നാളുകളുടെ സാംഗത്യം



**അ**തിശ്രേഷ്ഠ വ്യക്തിത്വത്തിന്റെ ഉടമകളായിരുന്ന മൂന്ന് വിശുദ്ധന്മാരുടെ ഓർമ്മ നമ്മൾ ഈ കഴിഞ്ഞ ദിനങ്ങളിൽ ആചരിച്ചുവല്ലോ. അവർ ആകട്ടെ മാർ പത്രോസ്, മാർ പൗലോസ്, മാർ തോമാ എന്നീ ശ്ലീഹന്മാർ ആകുന്നു. മൂന്നുപേരും തങ്ങളുടെ നാഥൻ ആകുന്ന ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വത്തിലൂടെ കാലയവനിക പൂണ്ടവരും സ്വർഗ്ഗരാജ്യ പ്രവേശനം പ്രാപിച്ചവരും ആകുന്നു. ആകയാൽ ജൂൺ 24, ജൂലൈ 3 എന്നീ തിയതികൾ പരിശുദ്ധ സഭയെ സംബന്ധിച്ച് അതിശ്രേഷ്ഠ ദിനങ്ങളായി, അഥവാ പെരുന്നാളുകൾ ആയി മാറി.

വലിയത് അഥവാ ശ്രേഷ്ഠം എന്നർത്ഥം ധ്വനിപ്പിക്കുന്ന പെരിയ എന്ന പദത്തിന്റെയും, ദിവസം അഥവാ ദിനം എന്ന അർത്ഥത്തെ ധ്വനിപ്പിക്കുന്ന നാൾ എന്ന പദത്തിൻറെയും സങ്കലനത്തിലൂടെയാണ് പെരുന്നാൾ എന്ന അതിശ്രേഷ്ഠ ദിനത്തിൻറെ ഉത്ഭവം. വി.യോഹന്നാൻ 19:31ൽ അന്ന് ഒരുക്ക നാളും ആ ശാബത് വലിയതും ആകകൊണ്ട്.. എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. അവിടെ രേഖപ്പെടുത്തിയിരിക്കുന്ന ഗ്രേറ്റ് ഡേ ഹൈ ഡേ അഥവാ വലിയ നാൾ കൊണ്ട് അർത്ഥമാക്കുന്നത് എന്താകുന്നു?

യഹൂദന്മാരുടെ ശാബത് ശനിയാഴ്ച ആകുന്നുവല്ലോ! അവരുടെ പെസഹാ പെരുന്നാളും നിസാൻ 14ൽ ആകുന്നു. ക്രിസ്തു പെസഹാ ആചാരിച്ചതും, ക്രൂശിൽ തറയ്ക്കപ്പെട്ടതും ഉയർത്തെഴുന്നേറ്റതും എല്ലാം എ.ഡി.മുപ്പതാം ആണ്ടിൽ ആയിരുന്നു. ആ വർഷത്തെ പെസഹാ ദിനം നീസാൻ 14 എന്ന് പറയുന്നത് ശാബത് ദിവസം ആകുന്ന ശനിയാഴ്ച ആയിരുന്നതിനാൽ അഥവാ മറ്റൊരു വിധത്തിൽ പറഞ്ഞാൽ ശാബത്തും പെസഹായും ഒരേ ദിവസം എഡി 30 ൽ വന്നതിനാൽ ആ ദിവസത്തെ ഗ്രേറ്റ് ഡേ ഹൈ ഡേ എന്ന് വിശേഷിപ്പിക്കുവാൻ കാരണമായി.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം എല്ലാ ദിവസങ്ങളും നല്ല ദിവസങ്ങൾ തന്നെയാണ്. എന്നാൽ ഞായറാഴ്ച ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് ദിനം ആകയാൽ ആ ദിവസത്തിന് കൂടുതൽ പ്രാധാന്യം വരികയും അത് ആഴ്ചയുടെ ആദ്യദിനം എന്ന് അറിയപ്പെടുവാനും ഇടയായി. ആയതുപോലെ ക്രിസ്തുവിനു വേണ്ടി ജീവിക്കുകയും അവർ രക്തസാക്ഷിത്വം പ്രാപിക്കുകയും ചെയ്തതിനാൽ ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും ഓർമ്മദിനങ്ങളും ഗ്രേറ്റ് ഡേ ഹൈ ഡെ എന്നർത്ഥം വരുന്ന പെരുന്നാളുകളായി പരിശുദ്ധ സഭ ആചരിക്കുന്നു.

ആദിമ ക്രൈസ്തവ സഭാ വിശ്വാസികൾ പീഡനങ്ങളെയും ഉപദ്രവങ്ങളെയും അതീവ സന്തോഷത്തോടെയാണ് സ്വീകരിച്ചിരുന്നത്. അതിന് അവരെ പ്രേരിപ്പിച്ചതായ ഘടകം തങ്ങളുടെ ഗുരുനാഥനായ ക്രിസ്തുവിൻറെ ഉദ്ബോധനങ്ങൾ തന്നെയായിരുന്നു. Blessed are you, when men shall hate you, and when they shall separate you, from their company, and shall reproach you, and cast your name evil, for the Son of man's sake. Rejoice in the day and leap for joy. For behold, your reward is great in heaven. മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ഉപേക്ഷിച്ച് നിങ്ങളുടെ പേർ വിടക്ക് എന്ന് തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ അന്നാളിൽ സന്തോഷിച്ച് തുള്ളുവിൻ . നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയത് . യേശുക്രിസ്തുവിന്റെ ഈ പ്രബോധനത്തെ ആദിമ ക്രൈസ്തവർ സന്തോഷത്തോടെ സ്വീകരിച്ചു എന്നതാണ് ആദ്യത്തെ നാല് നൂറ്റാണ്ടുകളുടെ പ്രത്യേകത എന്ന് പറയുന്നത്. അതെ ആ കാലഘട്ടം രക്തസാക്ഷികളുടെയ ും വിശുദ്ധന്മാരുടെയും ഒരു യുഗം തന്നെ ആയിരുന്നു. സ്വർഗ്ഗരാജ്യം പുൽകിയവരുടെ കാലഘട്ടം ആയിരുന്നു അത്. വിശുദ്ധ യോഹന്നാൻ ശ്ലീഹാ രേഖപ്പെടുത്തുന്നു: when he had opened the 5th seal, I saw under the altar the souls of them that were slain for the word of God, and for the testimony which they held. (Rev 6:9).ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നവർ ആകുന്നുവല്ലോ മാർ പത്രോസ് , മാർ പൗലോസ്, മാർ തോമാ ശ്ലീഹ എന്നിവരും.

ഇപ്രകാരം ജീവിത വിശുദ്ധിയാലും രക്തസാക്ഷിത്വത്താലും ശ്രേഷ്ഠരായി തീർന്നവരോടുള്ള നമ്മുടെ സമീപനം എന്തായിരിക്കണമെന്ന് എബ്രായ ലേഖനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങളോട് ദൈവവചനം സംസാരിച്ച് വഴി നടത്തിയവരെ ഓർത്തു കൊള്ളുവിൻ (എബ്രായർ 13:7). അപ്രകാരം നാം ഓർക്കുന്ന അവരുടെ ജീവിത വൈശിഷ്ട്യം എന്തായിരുന്നു എന്ന് തിരുവചന അടിസ്ഥാനത്തിൽ പരിശോധിക്കാം. 'പാപത്തിന്റെ തൽക്കാല ഭോഗത്തേക്കാളും ദൈവജനത്തോടു കൂടെ കഷ്ടം അനുഭവിക്കുന്നത് അവർ തിരഞ്ഞെടുത്തു' (എബ്രായർ 11:24 ); ' മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിൻറെ നിന്ദ വലിയ ധനം എന്ന് എണ്ണി. '(11:26 ); ' സകല ഭാരവും മുറുകെ പറ്റുന്ന പാപങ്ങളും വിട്ട് മുൻപിൽ വച്ചിരുന്ന ഓട്ടം സ്ഥിരതയോടെ ഓടി' (12:1); 'മുൻപിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അപമാനം അലക്ഷ്യം ആക്കി ക്രൂശിനെ സഹിച്ചു (12:2 ).' 'പാപത്തോടു പോരാടുന്നതിൽ പ്രാണ ത്യാഗത്തോളം എതിർത്തു നിന്നു(12:4 )'; 'ലോകം അവർക്ക് യോഗ്യമായിരുന്നില്ല(11:38 )'; 'വിശ്വാസത്തിൻറെ നായകനും പൂർത്തി വരുത്തുന്നവനും ആയ യേശുവിനെ നോക്കി ഓട്ടം ഓടി( 12:2 )' എന്നിവ ആയിരുന്നു അവരുടെ ജീവിത വൈശിഷ്ട്യങ്ങൾ. അതുകൊണ്ട് അവർക്ക് സ്വർഗ്ഗരാജ്യ അവകാശികൾ ആയി തീരുവാൻ സാധിച്ചു.

ദൈവത്താൽ വിളിക്കപ്പെട്ട വിശുദ്ധ മാമോദിസയിലൂടെ ദൈവമക്കളായ നാം ഓരോരുത്തരെകുറിച്ചും ദൈവത്തിൻറെ ലക്ഷ്യം മറ്റൊന്നല്ലല്ലോ? സ്വർഗ്ഗരാജ്യം അവകാശികളായി തീരുക എന്നതാണ് നമ്മെക്കുറിച്ച് ഉള്ള ലക്ഷ്യം, അപ്രകാരമായി തീരുവാൻ ചില മാനദണ്ഡങ്ങൾ ക്രിസ്തു നമ്മുടെ മുന്നിൽ വെച്ചിട്ടുണ്ടെന്ന് ഓർക്കണം. പഠിപ്പിക്കലുകളിൽ അത് മുഴങ്ങി കേൾക്കുവാൻ കഴിയുന്നുണ്ട്. അത് എന്തെന്നുകൂടെ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ഒന്ന് പരിശോധിക്കാം.

സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരായിരിക്കാം (മത്തായി 18:1) എന്ന ശിഷ്യന്മാരുടെ അന്തരംഗത്തിൽ ഉയർന്നുവന്ന ഒരു ചോദ്യം അവർക്കിടയിൽ ഒരു വലിയ വിവാദമായി തീർന്നപ്പോൾ അതിന് ഒരു പരിഹാരം കണ്ടെത്തുവാൻ യേശു കണ്ടെത്തിയ മാർഗം എന്തായിരുന്നു? യേശു ഒരു പൈതലിനെ അവരുടെ മുൻപിൽ നിർത്തിക്കൊണ്ട് പറഞ്ഞു “unless you change and become like a child you cannot enter into the kingdom of heaven” (Matt 18:3) മറ്റൊരു കാര്യം വി. യോഹന്നാന്റെ സുവിശേഷത്തില് കാണുന്നത് കൂടി കാണുക- “unless you eat the flesh of the Son of Man and drink his blood you have no life in you. (6:53)” വീണ്ടും വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മൂന്ന് ശ്രദ്ധേയമായ സൂചനകൾ കൂടി കാണുവാൻ കഴിയുന്നുണ്ട്. അവ എന്തെന്നും പരിശോധിക്കാം. Unless you love me more than your father, mother, son, or daughter you cannot be my disciple. (14:25), unless you take your own cross and follow me you cannot be my disciple (14:26), unless you leave everything you have you cannot be my disciple(14:31)

ക്രിസ്തു പറഞ്ഞിട്ടില്ലേ, 'എന്നെ കർത്താവേ! കർത്താവേ! എന്ന് വിളിക്കുന്നവൻ അല്ല, പിന്നെയോ എൻറെ പിതാവിൻറെ കൽപ്പന ആചരിക്കുന്നവൻ അത്രെ, സ്വർഗ്ഗരാജ്യത്തിൽ വലിയവൻ' എന്ന്. മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ ഒന്നൊഴിയാതെ പാലിച്ചത് കൊണ്ടാണ് കർത്യശിഷ്യന്മാർ രക്തസാക്ഷികൾ ആയതും, വിശുദ്ധന്മാരായി തീർന്നതും, സ്വർഗ്ഗരാജ്യ അവകാശികൾ ആയി തീർന്നതും. അതുകൊണ്ടാണ് അവരുടെ ചരമദിനം, സ്വർഗ്ഗരാജ്യ പ്രവേശനദിനം പെരുന്നാളുകളായി മാറിയത്.

ഇങ്ങനെയുള്ള വിശുദ്ധന്മാരുടെ ഓർമ്മദിനം ആകുന്ന പെരുനാൾ നാം ആചരിക്കുമ്പോൾ അണുവിട വ്യത്യാസമില്ലാതെ നാം അനുവർത്തിക്കേണ്ടതായ ചില കാര്യങ്ങൾ കൂടെ എബ്രായർ 13:7 ൽ അടിവരയിട്ട് രേഖപ്പെടുത്തിയിട്ടുള്ളത് കൂടെ ഓർമ്മപ്പെടുത്തട്ടെ. 'Think back on how they lived and died and try to imitate their faith.'

അതെ! പെരുന്നാൾ ആചരിക്കുമ്പോൾ, ഓർക്കുക! എപ്രകാരമുള്ള ജീവിതമാണ് ഈ ലോകത്തിൽ ജീവിച്ചത്? അവരുടെ വിശ്വാസത്തിൻറെ വൈശിഷ്ട്യം എന്തായിരുന്നു? അത് നമ്മുടെ ജീവിതത്തിന് മാർഗദർശനം ആയിരിക്കട്ടെ. വെടി പടക്കങ്ങളുടെയും വാദ്യമേളങ്ങളുടെയും ദീപാലങ്കാരങ്ങളും പിന്നാലെ മാത്രം പോകാതിരിക്കാൻ ആ ചൂണ്ടുപലകകൾ നമ്മെ സഹായിക്കട്ടെ.

ഓർക്കുക! നമ്മുടെ വിളി സ്വർഗീയമായതാണ്; നമ്മുടെ നായകൻ ക്രിസ്തുവാണ്; നമ്മുടെ ലക്ഷ്യം സ്വർഗ്ഗരാജ്യം ആണ്; ആകയാൽ നമ്മുടെ പെരുന്നാൾ ആചരണങ്ങൾ ദൈവനാമ മഹത്വത്തിന് ഉതകുന്നത് ആകട്ടെ.

**സ്നേഹപൂർവ്വം**
**ക്രിസ്തു ശുശ്രൂഷയിൽ**
**തോമസ്പുരയ്ക്കൽഅച്ചൻ**

# ഗ്രീഗോറിയൻ

**ജൂലൈ – 2026**

**മിഥുനം - കർക്കടകം : 1201**

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
**ലക്കം : 07/2026**



**വെരി. റവ. ഡോ. അഡ്വ. ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. റോബിൻസ് ഡാനിയേൽ**
(സഹ. വികാരി)

**ശ്രീ. അജി കോശി വർഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ. ഷാജി ജോർജ്ജ്**
(ഇടവക സെക്രട്ടറി)

**ശ്രീ. മാത്യു എബ്രഹാം**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. മാത്യൂസ് ജോർജ്**
(ഇടവക പ്രതിനിധി)




പ്രസാധകർ
**ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)



ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gulfparumala@gmail.com


Dearly beloved,



Let us give thanks to the Almighty for giving the abundant blessings on us, specially for the remarkable success of the 'Good Samaritan Day' celebrations. I specially thank the entire team labored for its success. In the month of July, we specially commemorate the Apostle of India,St. Thomas. As you are aware of the ecumenical movements in and around us, I would like to write about "the emergence of common perspectives on dialogue".

During the last many years we have discussed with other religions on the basis, nature and purpose of dialogue. We have made statements and established guidelines. What are the common approaches that we have developed and the basic concerns that we have identified?

a. Dialogue is a search for truth – all religions are bearers of truth but in different ways, and each religion has its own perceptions and claims on truth. Dialogue gives a religion the sense of being incomplete without the other. This does not imply a lack of fullness or deficiency. Dialogue, which is a learning and listening process, may lead to the discovery of inner and deeper layers of truth. It may also call a religion to reformulate the truth it upholds.

b. Dialogue does not compromise one's faith – rather, it helps those involved in dialogue to grow in their faith experience. Hence, dialogue does not mean avoiding issues; it means going deeper into complex and controversial issues, not in order to remove differences, but to compel the partners to address their differences realistically and holistically. Respecting the integrity and understanding the claims and beliefs of each religion are necessary conditions for any solid and frank dialogue.

c. Dialogue does not aim at negotiation – it is intended to open a new and larger space for mutual interaction and empowerment. Dialogue should raise fundamental questions, shape broader perspectives and develop fresh understanding. In dialogue, differences and specificities do not disappear; they are explained honestly, perceived accurately and accepted in confidence. Dialogue may create both divergence and convergence; it may lead to even greater ambiguities. Yet, it may also enhance dynamic interaction and bring forth greater rapprochement. Dialogue is both a creative and risky process.

d. When carried on in the spirit of mutual respect– dialogue generates hope and confidence. In situations of distrust, it may reduce fear and suspicion and create mutual trust. In situations of despair and hopelessness, it may become a source of hope.

e. One sided approaches, confrontational language and a judgmental spirit should have no place in dialogue. True dialogue produces a frank sharing of convictions and experiences. Transparency and humility will make dialogue an even more genuine process of deepening mutual knowledge. Through dialogue we come to know the óther'from within by having entered in to the óther's experience and self understanding.

May this abstract of dialogue enable us to make meaningful solutions in our life.

*With Prayers,*
**Very Rev. Dr.Adv. Shaji George Cor-Episcopos**

# ഭാരതത്തിന്റെ അപ്പോസ്തോലനായ പരിശുദ്ധ മാർത്തോമാ ശ്ലീഹാ: ആധുനിക സഭകൾക്കും വിശ്വാസികൾക്കും ഒരു മാതൃക





## ആമുഖം

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ പ്രമുഖനും ഭാരതത്തിൽ ക്രൈസ്തവ വിശ്വാസത്തിന്റെ വിത്തുപാകിയ ദൈവദാസനുമാണ് പരിശുദ്ധ മാർത്തോമാ ശ്ലീഹാ (തോമാശ്ലീഹാ). എ.ഡി. 52ൽ കേരളത്തിലെ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ അദ്ദേഹം, സത്യസുവിശേഷം മലനാട്ടിൽ പ്രഘോഷിക്കുകയും ഏഴരപ്പള്ളികൾ സ്ഥാപിച്ച് ഒരു വലിയ വിശ്വാസിസമൂഹത്തെ രൂപപ്പെടുത്തുകയും ചെയ്തു. യേശുവിനോടുള്ള അചഞ്ചലമായ ഭക്തിയും, സംശയങ്ങളെ സത്യത്തിലേക്കുള്ള വഴിയാക്കി മാറ്റിയ നിലപാടുകളും, ഒടുവിൽ രക്തസാക്ഷിത്വത്തിലൂടെ തെളിയിച്ച ആദർശങ്ങളും ഇന്നും ലോകമെമ്പാടുമുള്ള ക്രൈസ്തവ സഭകൾക്കും സാധാരണ ജനങ്ങൾക്കും വലിയൊരു മാതൃകയാണ്.

## യേശുവിനോടുള്ള ആഴമായ സമർപ്പണം

വി.യോഹന്നാന്റെ സുവിശേഷത്തിൽ തോമാശ്ലീഹായുടെ ധീരമായ നിലപാടുകൾ വ്യക്തമായി കാണാം. യേശുതമ്പുരാൻ തന്റെ സുഹൃത്തായ ലാസറിനെ ഉയിർപ്പിക്കാനായി യഹൂദ്യയിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ, ശത്രുക്കളുടെ ഭീഷണി നിലനിന്നിട്ടും തോമാശ്ലീഹാ മറ്റ് ശിഷ്യന്മാരോട് പറഞ്ഞത്, 'നമുക്കും അവനോടുകൂടെ മരിക്കേണ്ടതിന്നു പോകാം' എന്നാണ് (യോഹന്നാൻ 11:16). യേശുവിനുവേണ്ടി ജീവൻപോലും ത്യാഗം ചെയ്യാൻ മടിക്കാത്ത ഈ ആദർശം ഇന്നത്തെ കാലത്ത് സ്വാർത്ഥതയില്ലാതെ ദൈവത്തെയും സഹജീവികളെയും സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുന്നു. സുഖസൗകര്യങ്ങൾ നോക്കാതെ കർത്താവിന്റെ ദൗത്യത്തിനായി ഇറങ്ങിപ്പുറപ്പെടാൻ ഈ വചനം സഭകളെ ഓർമ്മിപ്പിക്കുന്നു.

## വഴിയറിയാത്തവർക്ക് വഴികാട്ടിയായ ചോദ്യം

യേശുതമ്പുരാൻ തന്റെ മരണത്തിനും പുനരുത്ഥാനത്തിനും മുൻപായി ശിഷ്യന്മാരോട് താൻ പോകുന്ന സ്ഥലത്തെപ്പറ്റിയും അവിടുത്തെ വഴിയെപ്പറ്റിയും സംസാരിക്കുന്നുണ്ട്. അപ്പോൾ തോമാശ്ലീഹാ വളരെ ലളിതവും എന്നാൽ ആത്മാർത്ഥവുമായ ഒരു ചോദ്യം യേശുതമ്പുരാനോട് ചോദിച്ചു:'കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും?' (യോഹന്നാൻ 14:5). ഈ ചോദ്യത്തിന് മറുപടിയായാണ് ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വലിയ അടിസ്ഥാന സത്യം യേശുതമ്പുരാൻ വെളിപ്പെടുത്തിയത്:'ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല' (യോഹന്നാൻ 14:6). കപടമായ ഭക്തി കാണിക്കാതെ, തനിക്ക് മനസ്സിലാകാത്ത കാര്യങ്ങൾ ദൈവത്തോട് തുറന്നു ചോദിക്കാനുള്ള തോമാശ്ലീഹായുടെ ഈ സുതാര്യത ഇന്നത്തെ വിശ്വാസികൾക്ക് വലിയൊരു മാതൃകയാണ്.

## സത്യം അന്വേഷിക്കുന്ന നിലപാട് (വിശ്വാസത്തിന്റെ ബോധ്യം)

വി.തോമാശ്ലീഹായെ പലരും 'സംശയക്കാരൻ' എന്ന് വിളിക്കാറുണ്ടെങ്കിലും, അദ്ദേഹത്തിന്റെ സംശയം വെറും അവിശ്വാസമല്ല, മറിച്ച് സത്യം നേരിട്ട് കണ്ടറിയാനുള്ള ആഗ്രഹമായിരുന്നു. പുനരുത്ഥാനം ചെയ്ത യേശുവിനെ നേരിൽ കാണാതെ താൻ വിശ്വസിക്കുകയില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു (യോഹന്നാൻ 20:25). എന്നാൽ എട്ടാം ദിവസം യേശുതമ്പുരാൻ പ്രത്യക്ഷപ്പെട്ട് തന്റെ മുറിവുകൾ കാണിച്ചുകൊടുത്തപ്പോൾ, തോമാശ്ലീഹാ ആദരവോടെയും പൂർണ്ണഹൃദയത്തോടെയും വിളിച്ചുപറഞ്ഞു:'എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ' (യോഹന്നാൻ 20:28).

ഈ വേദഭാഗം വ്യക്തമാക്കുന്നത് അന്ധമായ വിശ്വാസത്തിന് പകരമായി, സത്യത്തെ അന്വേഷിച്ച് കണ്ടെത്തി ബോധ്യപ്പെടുന്നതാണ് യഥാർത്ഥ വിശ്വാസം എന്നാണ്. ഇന്നത്തെ സഭകൾക്കും വിശ്വാസികൾക്കും ചോദ്യങ്ങൾ ചോദിക്കാനും, അന്ധവിശ്വാസങ്ങളിൽ വീണുപോകാതെ സത്യത്തിൽ ഉറച്ചുനിൽക്കാനും ഇത് വലിയ പ്രചോദനമാണ്.

## കഠിനാധ്വാനവും പ്രേഷിത ചൈതന്യവും

തനിക്ക് പരിചയമില്ലാത്ത സംസ്കാരവും ഭാഷയുമുള്ള ഭാരതമണ്ണിലേക്ക് കടന്നുവരാൻ തോമാശ്ലീഹാ കാണിച്ച ധൈര്യം സഭകളുടെ സുവിശേഷ ദൗത്യങ്ങൾക്ക് ഉത്തമ മാതൃകയാണ്. യാത്രാസൗകര്യങ്ങൾ കുറവായിരുന്ന ആ കാലത്ത് കടൽമാർഗ്ഗം അദ്ദേഹം നടത്തിയ യാത്രയും കാണിച്ച കഠിനാധ്വാനവും ഇന്നത്തെ ആധുനിക സഭകൾക്ക് വലിയൊരു പാഠമാണ്. ജാതിമത ഭേദമന്യേ എല്ലാവരിലേക്കും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമെത്തിക്കാൻ അദ്ദേഹം അധ്വാനിച്ചു. സഭകൾ സ്വന്തം മതിൽക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങാതെ, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരിലേക്ക് ഇറങ്ങിച്ചെല്ലണമെന്ന വലിയ ദൗത്യം ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

## ഉപസംഹാരം

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ജീവിതം വെറുമൊരു ചരിത്രമല്ല; അത് ജീവസ്സുറ്റ അപ്പോസ്തോലിക പാരമ്പര്യമാണ്. ഭാരതമണ്ണിൽ ഒടുവിൽ കുന്തത്താലുള്ള കുത്തേറ്റു അദ്ദേഹം രക്തസാക്ഷിത്വം വരിച്ചപ്പോഴും, താൻ വിശ്വസിച്ച ആദർശങ്ങളിൽ നിന്ന് അദ്ദേഹം വ്യതിചലിച്ചില്ല. ചോദ്യങ്ങൾ ചോദിക്കാൻ ഭയപ്പെടാതിരിക്കുക, സത്യം തിരിച്ചറിഞ്ഞാൽ അതിനായി ജീവൻപോലും സമർപ്പിക്കുക, ലോകത്തിന്റെ അതിരുകളോളം ക്രിസ്തു സ്നേഹം എത്തിക്കുക എന്നീ നിലപാടുകൾ ഇന്നത്തെ തലമുറയ്ക്കും സഭകൾക്കും എന്നും വഴികാട്ടിയായി നിലകൊള്ളുന്നു.

**Fr. Robins Daniel**


## സഖറിയാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത (പ്രഥമ ചെന്നൈ ഭദ്രാസനാധിപൻ) (1924–1997))



സഖറിയാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത 1924 ആഗസ്റ്റ് 6ന് കൊല്ലം ജില്ലയിലെ കുണ്ടറയിലെ മുലമൂട്ടിൽ മംഗളവില കുടുംബത്തിൽ ചാണ്ടപ്പിള്ളയുടെയും എലിസബത്തിന്റെയും മൂന്നാമത്തെ മകനായി ജനിച്ചു. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയാൽ കുണ്ടറ വലിയ പള്ളിയിൽ വച്ച് അദ്ദേഹം വിശുദ്ധ സ്നാനം സ്വീകരിച്ചു.

തോമാ മാർ ദിവന്നാസിയോസ് തിരുമേനിയുടെ കർശനമായ ആത്മീയ പരിശീലനത്തിൽ വൈദിക ശുശ്രൂഷയ്ക്കായി ഒരുങ്ങിയ അദ്ദേഹം 'കുണ്ടറ ശെമ്മാശൻ' എന്ന പേരിൽ സ്നേഹപൂർവ്വം അറിയപ്പെട്ടു. 1945ൽ കോട്ടയം പഴയ സെമിനാരിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയിൽ നിന്ന് കോറുയോ (ഡീക്കൻ) സ്ഥാനവും 1951ൽ വൈദിക പട്ടവും സ്വീകരിച്ചു. ഈ കാലഘട്ടത്തിൽ ഏകദേശം ആറുവർഷത്തോളം പഴയ സെമിനാരിയിൽ താമസിച്ച് പരിശുദ്ധ പിതാവിനോടും പിന്നീട് പരിശുദ്ധ ബസേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവയായ സി. ടി. തോമസ് ശെമ്മാശനോടും ഒപ്പം കഴിയാനുള്ള ഭാഗ്യവും അദ്ദേഹത്തിനുണ്ടായി.

1971ൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ അദ്ദേഹത്തെ റമ്പാനായി ഉയർത്തി. തുടർന്ന് 1978 മേയ് 15ന് പഴഞ്ഞിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ അദ്ദേഹത്തെ സഖറിയാ മാർ ദിവന്നാസിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു.



1979 ജനുവരി 1ന് രൂപീകൃതമായ മദ്രാസ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി അദ്ദേഹം ചുമതലയേറ്റു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മദ്രാസ് ഭദ്രാസനം ആത്മീയമായും ഭരണപരമായും ശ്രദ്ധേയമായ വളർച്ച കൈവരിച്ചു.

രോഗികളെയും ദുഃഖിതരെയും ദരിദ്രരെയും സേവിക്കുന്നത് ദൈവത്തെ സേവിക്കുന്നതിനു തുല്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. കർഷകൻ, അധ്യാപകൻ, ധ്യാനഗുരു, പത്രപ്രവർത്തകൻ, ആശ്രമാധിപൻ, മെത്രാപ്പോലീത്ത എന്നീ നിലകളിൽ ലഭിച്ച അനുഭവസമ്പത്ത് അദ്ദേഹത്തെ ദൈവം അയച്ച വിശ്വസ്തനായ ഇടയനാക്കി മാറ്റി. അദ്ദേഹത്തിന്റെ ഗുരുവായ തോമാ മാർ ദിവന്നാസിയോസ് തിരുമേനി അദ്ദേഹത്തെ **'ദൈവം അയച്ച വിശ്വസ്തനായ ഇടയൻ'** എന്ന് വിശേഷിപ്പിച്ചിരുന്നു.

1997 ജൂലൈ 7ന് മദ്രാസിൽ അദ്ദേഹം കാലം ചെയ്തു. അദ്ദേഹത്തിന്റെ ഭൗതികശരീരം പത്തനാപുരം മൗണ്ട് താബോർ ദയറായിൽ സംസ്കരിച്ചു.

# ജൂലൈ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

## ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ജൂലൈ 5



ഏഴാം മാർത്തോമാ (കോലഞ്ചേരി)

ജൂലൈ 7



സഖറിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത പത്തനാപുരം മൗണ്ട് താബോർ ദയറാ

ജൂലൈ 11




പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത കോട്ടയം പഴയ സെമിനാരി

ജൂലൈ 12




പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന)

ജൂലൈ 15



മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് യൂലിത്തിയുടെയും ഓർമ്മ

ജൂലൈ 20




മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ

ജൂലൈ 22




മറിയം മഗ്ദലൈത്തായുടെ ഓർമ്മ

ജൂലൈ 23



ഗീവർഗീസ് മാർ ദിയസ്ക്കോറസ് മെത്രാപ്പോലീത്ത റാന്നി ഹോളി ട്രിനിറ്റി ആശ്രമം

ജൂലൈ 27



മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ

## തോമ്മസ് – ജൂലൈ

3. x വി. മാർതോമ്മാ ശ്ലീഹായുടെ ദുക്റോനോ. (നിറം 8).
5. **പെന്തിക്കോസ്തിക്കുശേഷം ആറാം ഞായർ.** (നിറം 5). മിഷൻ സൺഡേ. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 217-ാം ഓർമ്മ. (കോലഞ്ചേരി പള്ളി).
7. സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 29-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 253-ാം ഓർമ്മ. (മുളന്തുരുത്തി പള്ളി).
11. കോട്ടയം എം. ഡി. സെമിനാരി സ്ഥാപകൻ *മലങ്കര സഭാ തേജസ്* പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 117-ാം ഓർമ്മ. (കോട്ടയം പഴയ സെമിനാരി).
12. **പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ.** (നിറം 6) പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 5-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന).
15. മാർ കുറിയാക്കോസ് സഹദായുടെയും, മാതാവ് മർത്ത് യൂലിത്തിയുടെയും, നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
19. **പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ.** (നിറം 7)
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 27-ാം ഓർമ്മ. (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രൊസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
26. **പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായർ.** (നിറം 8)
27. മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ.
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 740-ാം ഓർമ്മ.

## വി. വേദവായന കുറിപ്പ്

| | | |
|---|---|---|
| 03 July | Dukhrono of St. Thomas | : St. John 20: 19-31 |
| 05 July | 6th Sunday after Pentecost | : St. Luke 13: 22-35 |
| 12 July | 7th Sunday after Pentecost | : St. Mark 3: 20-30 |
| 19 July | 8th Sunday after Pentecost | : St. Mark 4 : 1 - 20 |
| 26 July | 9th Sunday after Pentecost | : St. Luke 14: 7-11 |

## 2026 ജൂലൈ മാസം – ഒറ്റനോട്ടത്തിൽ

1 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം/ OVBS
2 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ OVBS
3 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന (DUKRONO-COMMEMORATION OF ST THOMAS THE APOSTLE)
4. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം (OVBS VALEDICTORY DAY)
5. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന (MISSION SUNDAY)
6 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
7 പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
8 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
9 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന, ഏരിയ പ്രയർ
10 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
11 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം (H.G PULIKKOTTIL JOSEPH MAR DIONYSIUS V 117TH MEMORY)
12 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന (H.H BASELIOS MARTHOMA PAULOSE II 5TH MEMORY & H.G. ZACHARIAH MAR DIONYSIUS 29TH MEMORY (THE FIRST DIOCESAN METROPOLITAN OF THE CHENNAI (MADRAS) DIOCESE)
13 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
14 പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
15 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
16 പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
17 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
18 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
19 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
20 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
21 പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
22 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
23 സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
24 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
25 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
26 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
27 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
28 പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
29 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
30 പ്രഭാത നമസ്കാരം / സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
31 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന

## AREA - PRAYER MEETING DETAILS - JULY 2026

| Sl. No. | Area | Name of the Prayer Group | Day of the Meeting | Hosting By |
|---|---|---|---|---|
| 1 | Ajman Karama<br>Ajman Sanaiya | St. Lukes<br>St. Kuriakose | 7 July 2026, 8.30 pm - 9.30 pm | Mr.Jomon Jose (J-546), Mr.Joshy John Varghese (J-296)<br>Mr.Rogy Skaria (R-305), Mr.Vinu Thankachen (V-169) |
| 2 | Sharjah Cinema<br>Rolla | St. Peters<br>St. Johns | 9 July 2026, 8.30 pm - 9.30 pm | Mr.Prakash Baby- P-143, Mr.Sunny George- S-652 |
| 3 | Musalla & Al Yarmook | St. Gregorios | 14 July 2026, 8.30 pm - 9.30 pm | Mr.ABRAHAM PM (A-152), Mr. BILJI THOMAS (B-378)<br>Mr.BINU BABU (B-264) |
| 4 | Sharq | St. George | 16 July 2026, 8.30 pm - 9.30 pm | Mr.Shibu George & Family (S -231)<br>Mr.Shibu George & Family (S-274)<br>Mr.Praveen Ponnachan & Family (P-149)<br>Mr.Moncy Abraham & Family (M-191) |
| 5 | Al Nahda<br>Al Wahda<br>Dubai | St. Dionysius<br>St.Mathews<br>St.Ignatius | 23 July 2026, 8.30 pm - 9.30 pm | Mr.Sam V Mathew & Family (S- 200)<br>Mr.Rinu Thomas & Family (R-222) |
| 6 | Old Airport | St. Pauls | 30 July 2026, 8.30 pm - 9.30 pm | Wellwisher |
| 7 | Al Khazamia<br>B.M.W<br>Sharjah University | St. Stephens<br>St. Marys<br>St. Behanans | 30 July 2026, 8.30 pm - 9.30 pm | Wellwisher |

## ആദരാഞ്ജലികൾ



**Remya Joby (41)**

{ Kuzhithundil House, Maroor,Mallassery P.O. Pathanamthitta.}

നമ്മുടെ ഇടവകാംഗം ശ്രീ. ജോബി ജോസഫിന്റെ (J-727 - AND) സഹധർമ്മിണി രമ്യ ജോബി (41) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

ആ കുടുംബത്തിന്റെ ദുഖത്തിൽ പങ്കുചേരുകയും ആത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു...

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:30 am | Night Prayer, 5.00 am - Morning Prayer |
| | 5:30 am | Holy Qurbana |
| Other | 5.30 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |

## UMM AL QUWAIN SERVICE

UAQ ഏരിയയിലെ July മാസത്തെ വി:കുർബാന ബുധനാഴ്ച (15-07-2026) വൈകുന്നേരം 7 മണിക്ക് സന്ധ്യാ നമസ്കാരത്തോടു കൂടി UAQ prayer hallൽ വെച്ച് ആരംഭിക്കുന്നതാണ്.

LOCATION

## യാത്രയയപ്പ്



THOMAS PM
1999 മുതൽ ഇടവകാംഗം
( 1999 - 2026 )
AREA - AND
T-066



SAJAN PHILLIP MATHEW
2001 മുതൽ ഇടവകാംഗം
( 2001 - 2026 )
AREA - OAI
S-117



THOMAS MATHEW
2016 മുതൽ ഇടവകാംഗം
( 2016 - 2026 )
AREA - AKZ
T-235



GIBY KURIEN
2018 മുതൽ ഇടവകാംഗം
( 2018 - 2026 )
AREA - AND
G-210



SUNIL GEORGE
2009 മുതൽ ഇടവകാംഗം
( 2009 - 2026 )
AREA - AJS
S-453



RINU DANIEL VARGHESE
2019 മുതൽ ഇടവകാംഗം
( 2019 - 2026 )
AREA - SJU
R-352

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| J-878 | JITHIN CHANDY | DXB | 054-2768189 |
| J-879 | JINSON PHILIP | SJC | 055-7336752 |
| J-880 | JOBY DAVID | RLA | 058-1238909 |
| J-881 | JIBI MATHEW (MS.) | UAQ | 056-3542009 |
| P-167 | PRINCE THAMPY KOSHY | OAI | 052-8194221 |
| P-168 | PAUL VARGHESE | SJU | 052-2173382 |
| S-942 | SHIBU GEORGE | AJS | 050-6336518 |
| S-943 | SANTHOSH GEORGEKUTTY | AND | 055-6057417 |
| S-944 | SHEBIN BABU | AND | 056-2803191 |

## ENGLISH HOLY QURBANA

English Holy Qurbana will be held On Sunday evening, July 26

## സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് ( SJOF )

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 60 വയസ്സിന് മുകളിൽ പ്രായമുള്ള സഭാംഗങ്ങൾക്കായി ആരംഭിക്കപ്പെട്ട പ്രസ്ഥാനമാണ് സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SJOF).

ഉദ്ദേശം / ലക്ഷ്യം : പ്രാർത്ഥന, കൂട്ടായ്മ, മാർഗ്ഗനിർദ്ദേശം എന്നി ലക്ഷ്യങ്ങളെ മുൻനിർത്തി സംഘാംഗങ്ങളുടെ ആത്മീയ ജീവിതത്തെ പുരോഗതിയിലേക്ക് നയിക്കുക .

പ്രാർത്ഥന - വിശ്രമജീവിതകാലം നിസ്വാർത്ഥമായ പ്രാർത്ഥനാ വേളകളാക്കി തീർക്കുന്നതിലൂടെ ദൈവാശ്രയത്തിന്റെ മാതൃകയായി തീരുക.

കൂട്ടായ്മ - കൂട്ടായ്മയുടെ ആനന്ദത്തിൽ പ്രത്യാശ പൂർണമായ ജീവിതം സാധ്യമാക്കുക .

മാർഗ്ഗനിർദ്ദേശം - വിശ്വാസ ജീവിതത്തിലൂടെ വരും തലമുറയ്ക്ക് മാർഗ്ഗനിർദേശം നൽകുക .

SJOF ന്റെ നമ്മുടെ ഇടവകയിലെ പ്രഥമയോഗം ജൂൺ മാസം 21-ാം തീയതി നടത്തപ്പെട്ടു . 2026 ജൂലൈ 31 വരെ നടത്തപ്പെടുന്ന മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനം ശ്രീമതി. ആമിനച്ചൻ വർഗീസിന് മെമ്പർഷിപ്പ് ഫോം നൽകിക്കൊണ്ട് ബഹുമാനപ്പെട്ട ഇടവക വികാരി നിർവഹിച്ചു..

## ഇടവക ഗോൾഡൻ ജൂബിലി 2027-28

മലങ്കരസഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പുണ്യനാമത്തിൽ 1978-ൽ, ഷാർജയിൽ സ്ഥാപിതമായ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ അമ്പത് വർഷം തികയുന്ന 2028 വർഷം ഗോൾഡൻ ജൂബിലി വർഷമായി ആഘോഷിക്കപ്പെടുകയാണ്. 2027 നവംബർ 1 മുതൽ 2028 ഒക്ടോബർ 31 വരെയുള്ള കാലയളവ് പ്രാർത്ഥനാ വർഷമായി പ്രഖ്യാപിച്ച് ,ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളാണ് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്നത്.

2026 ഫെബ്രുവരി 22-ാം തീയതി കൂടിയ നിയമാനുസൃത ഇടവക പൊതുയോഗം ജൂബിലി കൺവീനർ ആയി ശ്രീ. കെ.ജി. നൈനാൻ, ജോയിന്റ് കൺവീനർമാരായി ശ്രീ.വർഗീസ് ജോർജ്, ശ്രീ. തോമസ് തരകൻ എം.ഓ എന്നിവരെയും 101 അംഗ ഗോൾഡൻ ജൂബിലി കമ്മിറ്റിയെയും തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെയും ,അതിനോടനുബന്ധിച്ച് നടത്താൻ ഉദ്ദേശിക്കുന്ന ചാരിറ്റി പ്രവർത്തനങ്ങളുടെയും രൂപരേഖ തയ്യാറാക്കുന്നതിനായി 101 അംഗ ഗോൾഡൻ ജൂബിലി കമ്മിറ്റിയുടെ പ്രഥമ യോഗം ജൂലൈ മാസം 12-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനക്കു ശേഷം പള്ളിയിൽ വെച്ചു നടത്തപെടുന്നതായിരിക്കും.



നൈനാൻ കെ .ജി (N-007)
കൺവീനർ



വർഗീസ് ജോർജ് (V - 013)
ജോയിന്റ് കൺവീനർ



തോമസ് തരകൻ (T-055)
ജോയിന്റ് കൺവീനർ

## മലങ്കര അസോസിയേഷൻ മുളന്തുരുത്തിയിൽ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് പരിശുദ്ധനായ പരുമല തിരുമേനിയുടെ ജന്മനാടായ മുളന്തുരുത്തി വേദിയാകും. മലങ്കര അസോസിയേഷൻ ഓഗസ്റ്റ് 27ന് ചേരാൻ പഴയസെമിനാരിയിൽ ചേർന്ന സഭാ മാനേജിംഗ് കമ്മിറ്റിയുടെ പ്രത്യേക യോഗം തീരുമാനിച്ചു. അസോസിയേഷൻ മെത്രാൻ സ്ഥാനത്തേയ്ക്കു നാല് പേരെ തിരഞ്ഞെടുക്കും. പള്ളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നാലായിരത്തോളം പ്രതിനിധികൾക്കാണ് മലങ്കര അസോസിയേഷനിൽ വോട്ടവകാശമുള്ളത്.

## സെന്റ് ഡൈനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ( SDOF )

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 40 വയസ്സ് മുതൽ 60 വയസ്സ് വരെയുള്ള സ്ത്രീ പുരുഷന്മാർക്ക് വേണ്ടി ആരംഭിക്കപ്പെട്ട പ്രസ്ഥാനമാണ് സെന്റ് ഡൈനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF).

ഉദ്ദേശം / ലക്ഷ്യം : വിശ്വാസം ,സാക്ഷ്യം , പ്രബോധനം എന്നി ലക്ഷ്യങ്ങളെ മുൻനിർത്തി സംഘാംഗങ്ങളുടെ ആത്മീയ ജീവിതത്തെ പുരോഗതിയിലേക്ക് നയിക്കുക.

വിശ്വാസം - സത്യവിശ്വാസത്തിൽ ആഴപ്പെടുന്നതിന് ആവശ്യമായ ആരാധനാ പങ്കാളിത്തം ഉറപ്പുവരുത്തുക.

സാക്ഷ്യം -സുകൃത ജീവിതത്തിലൂടെ സമൂഹത്തിന് നല്ല സാക്ഷ്യം നൽകത്തക്ക വിധത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ഉത്തമ മാതൃകകൾ സൃഷ്ടിക്കുക.

പ്രബോധനം - വിശുദ്ധ വേദപുസ്തകവും, ദൈവശാസ്ത്രവും, സഭാ ചരിത്രവും, സാമൂഹ്യവും, സാമ്പത്തികവുമായ ഇതര വിഷയങ്ങളും പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് സജ്ജരാക്കുകയും ചെയ്യുക .

SDOF ന്റെ നമ്മുടെ ഇടവകയിലെ പ്രഥമയോഗം ജൂൺ മാസം 15-ാം തീയതി നടത്തപ്പെട്ടു. 2026 ജൂലൈ 31 വരെ നടത്തപ്പെടുന്ന മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഉദ്ഘാടനം ഇടവക ട്രസ്റ്റീ ബഹുമാനപ്പെട്ട ശ്രീ.അജി കോശി വർഗീസിന് മെമ്പർഷിപ്പ് ഫോം നൽകിക്കൊണ്ട് ബഹുമാനപ്പെട്ട ഇടവക വികാരി നിർവഹിച്ചു..

## Orthodox Medical Forum

### DIALYSIS & KIDNEY CARE: A JOURNEY OF HOPE AND HEALING

**WHAT IS DIALYSIS?**
Dialysis is a treatment that does the work of healthy kidneys when they can no longer function properly. It removes waste, extra water, and harmful substances from the blood.

**WHEN DO PEOPLE NEED DIALYSIS?**
Dialysis may be needed by people with Chronic Kidney Disease (CKD), End-Stage Kidney Disease (ESKD), or severe kidney injury. It helps the body stay healthy when the kidneys cannot perform their normal functions but it is not considered as a cure for the disease.

**UNDERSTANDING YOUR TREATMENT OPTIONS:**
Hemodialysis filters blood through a dialysis machine and is usually done three times a week. Peritoneal Dialysis uses the lining of the abdomen as a natural filter and can often be performed at home. A Kidney Transplant is another treatment option where a healthy kidney replaces a failed one but itself has selected associated problems.

**LIVING WELL WITH KIDNEY FAILURE:**
People with kidney failure can improve their quality of life by following their treatment plan, eating a kidney-friendly diet, managing fluid intake, staying physically active, and preventing infections. Regular medical check-ups and taking medicines as prescribed are essential.

**KNOW THE WARNING SIGNS:**
Seek medical attention if you experience severe swelling, shortness of breath, chest pain, reduced urine output, persistent nausea, dizziness, or signs of infection. Early treatment can help prevent serious complications.

**DON'T WAIT—ACT EARLY!**
Kidney failure requires lifelong care, but with proper treatment, healthy habits, and regular medical supervision, people can lead active and meaningful lives. Early diagnosis and timely treatment can make a significant difference.

**Reena Sajan**
Sheikh Khalifa Medical City, Ajman

OMF പ്രാർത്ഥനായോഗങ്ങൾ എല്ലാ ശനിയാഴ്ചയും ഓൺലൈനായി വൈകിട്ട് 4 മണി മുതൽ കൂടി വരുന്നു.

**മലയാളം ഭാഷാപഠനം**

എല്ലാ ശനിയാഴ്ചയും വൈകിട്ട് 4.00 മുതൽ പള്ളിയിൽവെച്ച് നടത്തപ്പെടും.

മലയാളം മിഷൻ

# OCYM

## പരിസ്ഥിതി ദിനാഘോഷം

യുവജനപ്രസ്ഥാനം മലയാളം ക്ലാസ്സിലെ (മലയാളം മിഷൻ) കുട്ടികളുമായി ചേർന്ന് പരിസ്ഥിതി ദിനാഘോഷം ഇടവക വികാരി ഒരു തൈ നട്ട് ഉത്ഘാടനം ചെയ്തു. ആഘോഷത്തിന്റെ ഭാഗമായി കുട്ടികളുടെ കവിത, പ്രസംഗം, ചിത്രരചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു.



## അഭിനന്ദനങ്ങൾ

അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 14ാമത് St. Dionysius Ever Rolling Trophy പ്രസംഗ മത്സരത്തിൽ ശ്രീമതി.സിജി രഞ്ജു രണ്ടാം സ്ഥാനം കരസ്ഥമാക്കി.



**July മാസം 5 , 12, 19, 26 തീയതികളിൽ 11:00 മണിക്ക് റെഗുലർ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്.**

# SUNDAY SCHOOL ANNOUNCEMENTS

- ★ Sunday School classes will resume after summer holidays on September-6.
- ★ Results of Annual Unit-level Competition held on May-10, June-14 and June-28 are published on the parish website.
- ★ Annual Unit-level Competitions which were postponed earlier, shall now be held as follows:
  September-13(1PM – 4:30PM) : Action Song, Story Telling, Bible Reading
  September-20 (1PM – 4PM) : Drawing & Colouring, Memory Verse writing
  Students who had not registered earlier, have the opportunity to register again from August 2nd to 30th. Please see Handbook for age categories and other details.
- ★ Summer Camp, organized jointly by Sunday School and MGOCSM, shall be held on August 29th 2026.






Teenager's Counselling and Parents Class was held jointly by Sunday School and Orthodox Medical Forum on Sunday 28th June 2026 on the topic " Screen Time Struggles " led by Mrs Sneha Jubin, AI & Marketing Evangelist, Mrs Reeba M.Oommen – Psychologist and Mrs Elza S.Eype - Psychologist



**OVBS 2026** started on Saturday 27th June 2026 under the leadership of **Rev. Fr. Sibi Mathew Varghese – Resource Person** and **Mrs Seyra Joby – OVBS 2026 Superintendent**, with Flag Hoisting & Public meeting.



# MARTH MARIYAM VANITHASAMAJAM

മർത്ത് മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് ജൂലൈ 12th and 26th തീയതികളിലും മെഡിക്കൽ സെൽ ജൂലൈ 5th and 19th തീയതികളിലും നടത്തപ്പെടുന്നതായിരിക്കും.

# MGOCSM

The regular meeting for the month was held on 21st of June. A special word of appreciation to Master Mathew Stanley for his enlightening student talk session. Congratulations to all the winners of the online environment themed competition and a heartfelt thanks to everyone who participated with enthusiasm and creativity. May God bless us all



Winner
**Angelin Kurian**



Best Presentation / Creativity
**Adelin Christa Aneesh**



Best Caption
**Jacob Paulose Maveli**

# GOOD SAMARITAN DAY 2026














## ആറ്റുപുറത്ത് വർക്കി വർഗീസ് (ആനപ്പാപ്പി) മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി ബാഡ്മിന്റൺ ടൂർണമെന്റ്

**OCYM** ഷാർജ യൂണിറ്റിന്റ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 11-ാം മത് ആറ്റുപുറത്ത് വർക്കി വർഗീസ് (ആനപ്പാപ്പി) മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിക്കായി ഉള്ള ബാഡ്മിന്റൺ ടൂർണമെന്റിൽ നമ്മുടെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ജേതാക്കളായ വിവരം സന്തോഷത്തോടുകൂടി അറിയിക്കുന്നു. സോണൽ തലത്തിലും, ഇൻറ്റേണൽ മത്സരങ്ങളിലും വിജയികളായ എല്ലാ ടീമുകൾക്കും അഭിനന്ദനങ്ങൾ.

ZONAL TOURNAMENT WINNERS

- **ഒന്നാം സ്ഥാനം :** Sharjah St. Gregorios Unit - RENOY JOHN SONY & ASHBEL CHERIAN ANIL
- **രണ്ടാം സ്ഥാനം :** Dubai St. Thomas Unit - SUNIL JACOB & JONATHAN LEE
- **മൂന്നാം സ്ഥാനം :** Dubai St. Thomas Unit - NATHAN VARGHESE MATHEW & MATHEW VARGHESE

INTERNAL TOURNAMENT WINNERS

- **ഒന്നാം സ്ഥാനം :** JITHIN BABU THOMAS & ASHBEL CHERIAN ANIL
- **രണ്ടാം സ്ഥാനം :** GITHIN GEORGE & NIJU DAVID
- **മൂന്നാം സ്ഥാനം :** LEEN KOSHY & JOJY JOSEPH




Private Circulation Only